543-51+116

**കേരള സർക്കാർ**

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ - കുമാരി ചിന്താ ജെറോമിനെ ചെയർപേഴ്സണായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കായിക യുവജനകാര്യ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.209/16/കായുവ.                    തിരുവനന്തപുരം, തീയതി .04.10.2016**

---

**പരാമർശം** 1. സ.ഉ(സാധാ) നം. 134/13/കാ.യു.വ തീയതി 20.07.2013

2. 26.09.2016 തീയതിയിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ നം.530/എ-3/2016/കേ.സം.യു.ക നമ്പർ കത്ത്

## ഉത്തരവ്

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർ പേഴ്സണായി അഡ്വ. ആർ.വി രാജേഷ് പരാമർശം 1 പ്രകാരം നിയമിതനാവുകയും, ടിയാൻ 2016 ആഗസ്റ്റ് മാസം 31 ന് രാജി സമർപ്പിച്ച് സേവനത്തിൽ നിന്നും വിരമിച്ച എന്നും കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണ നിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായതിനാൽ അടിയന്തിരമായി പുതിയ കമ്മീഷൻ ചെയർപേഴ്സൺ നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുമാരി ചിന്താ ജറോംനെ (ചിന്താ ലാൻഡ്, ദിവ്യ നഗർ, പട്ടത്താനം പി.ഒ, കൊല്ലം) കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

കുമാരി. ചിന്താ ജറോം, ചിന്താ ലാൻഡ്, ദിവ്യ നഗർ, പട്ടത്താനം പി.ഒ, കൊല്ലം
ഡയറക്ടർ,കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള യൂത്ത് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി ആർഡി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
[signature]
സെക്ഷൻ ഓഫീസർ.